"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- മണ്ണാർക്കാട് നഗരസഭ - അനർഹർക്ക് ലൈഫ് പദ്ധതി പ്രകാരമുള്ള വീട് അനുവദിച്ചുവെന്ന ആരോപണം - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ. ജൂഹി മരിയ ടോം-ന് എതിരായി ആരംഭിച്ച അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.3042/2025/LSGD തീയതി,തിരുവനന്തപുരം, 22-12-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയക്ടറുടെ 08.06.2023 തീയതിയിലെ E12- (SC-107/2022/PKD) 33444/2022/DVACB നമ്പർ കത്തും അനുബന്ധ രേഖകളും.
2. നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ. ജൂഹി മരിയ ടോമിന് നൽകിയ 25.06.2025 തീയതിയിലെ ഇയു4/198/2023-തസ്വഭവ -നമ്പർ കുറ്റാരോപണ മെമ്മോ /പത്രിക.
3. ശ്രീ. ജൂഹി മരിയ ടോം സമർപ്പിച്ച 16.07.2025 തീയതിയിലെ പ്രതിവാദ പത്രിക
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 27.10.2025 തീയതിയിലെ LSGD/PD/50403/2023-VIGD1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മണ്ണാർക്കാട് നഗരസഭയിൽ 2019-20 വാർഷിക പദ്ധതിയിൽ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി പ്രകാരം വീട് വെക്കുന്നതിന് 4 ലക്ഷം രൂപ അനുവദിച്ച ലിസ്റ്റിലെ ക്രമനമ്പർ 262, ശ്രീ.പി.രജിത, W/O ജയരാജ് കുരിപ്പാടത്ത് ഹൗസ് , പെരിമ്പിടാരി പി.ഒ. മണ്ണാർക്കാട് എന്നിവർ കോ- ഓപ്പറേറ്റീവ് എംപ്ലോയ് ക്രെഡിറ്റ് സൊസൈറ്റിയിലെ ജീവനക്കാരിയാണെന്നും, ടിയാരിയുടെ ഭർത്താവ് ശ്രീ ജയരാജിന് കൺസ്യൂമർഫെഡിൽ 10 വർഷത്തോളമായി സ്ഥിരം ജോലി ഉണ്ടെന്നും, സർക്കാർ നിശ്ചയിച്ചിരിക്കുന്ന ലൈഫ് പദ്ധതി പ്രകാരമുള്ള ചട്ടങ്ങളും നടപടി ക്രമങ്ങളും മാനദണ്ഡങ്ങളും മറികടന്നാണ് ഇവർക്ക് തുക അനുവദിച്ചിരിക്കുന്നതെന്നുമുള്ള ആരോപണത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 02.02.2023 തീയതിയിൽ മണ്ണാർക്കാട് നഗരസഭയിൽ മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. അപേക്ഷക ശ്രീമതി. പി.രജിത എന്നവരുടെ ഭർത്താവ് ശ്രീ. ജയരാജ് എന്നയാൾക്ക് കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള മണ്ണാർക്കാട് ത്രിവേണി സ്റ്റോറിൽ സ്ഥിരം ജോലി ഉള്ളതായി പറയുന്നുണ്ട്. എന്നാൽ ആയത് തെളിയിക്കുന്ന വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം കാണപ്പെട്ടില്ലായെന്നും 06/02/2019 തീയതിയിലെ നഗരസഭ കൗൺസിൽ യോഗ മിനിട്സ് പരിശോധിച്ചതിൽ 9-ാമത് ബി1-1462/2019-നമ്പർ തീരുമാനമായി മണ്ണാർക്കാട് നഗരസഭയിലെ പി.എം.എ.വൈ ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായിട്ടുള്ള ഫൈനൽ ഡി.പി.ആർ പ്രകാരം 283 ഗുണഭോക്താക്കളാണ് ഉള്ളതെന്നും ഈ ലിസ്റ്റിൽ 262-ാം നമ്പറായിട്ടാണ് ശ്രീമതി. രജിത. പി.യുടെ പേര് വരുന്നതെന്നും എന്നാൽ മിനിട്സിൽ കാണിക്കേണ്ട ഗുണഭോക്താക്കളുടെ പേരു വിവരങ്ങൾ അടങ്ങിയ പട്ടികവിവരം കാണപ്പെട്ടില്ലായെന്നും മിന്നൽ

പരിശോധനയിൽ കണ്ടെത്തിയിരുന്നു. ടി കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ. ജൂഹി മരിയ ടോമിൽനിന്നും വിശദീകരണം വാങ്ങി പരിശോധിച്ച് നടപടി സ്വീകരിക്കാൻ വിജിലൻസ് & ആന്റി കറപ്ഷ് ബ്യൂറോ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. തുടർന്ന് ശ്രീ. ജൂഹി മരിയ ടോം സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാത്തതിനെ തുടർന്ന് ടിയാനെതിരെ KCS&CCA Rules, Rule 16 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയുണ്ടായി.

3. കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ സമർപ്പിച്ച പരാമർശം (3) പ്രതിവാദ പത്രികയിൽ, മണ്ണാർക്കാട് നഗരസഭയിലെ പി.എം.എ.വൈ - ലൈഫ് പദ്ധതിയുടെ ഭാഗമായുള്ള 4-ാം ഡിപിആർ അംഗികരിച്ചത് 13.08.2018 തീയതിയിലെ 10-ാം നമ്പർ കൗൺസിൽ തീരുമാനത്തിലൂടെയാണെന്നും 06.02.2019 തീയതിയിലെ 9-ാം നമ്പർ കൗൺസിൽ തീരുമാനം 4-ാം ഡിപിആർ ന്റെ ഫിനാൻഷ്യൽ സാങ്ഷൻ ലഭിക്കുന്നതിനായി സ്റ്റേറ്റ് മിഷനിൽ നൽകുന്നതിനായി ഉദ്ദേശിച്ചെടുത്ത കൗൺസിൽ തീരുമാനമാണെന്നും ഗുണഭോക്താക്കളുടെ അപേക്ഷ ലഭിച്ചതിന് ശേഷം നഗരസഭാതലത്തിലും കുടുംബശ്രീ സംസ്ഥാനതലത്തിലുമുള്ള 2 പരിശോധന നടത്തിയ ശേഷമാണ് അർഹതാ ലിസ്റ്റ് നഗരസഭാ കൗൺസിൽ അംഗീകരിക്കുന്നതെന്നും മണ്ണാർക്കാട് നഗരസഭയിൽ വിവിധ ഡി.പി.ആർ-കളിലായി ആയിരത്തിലധികം പി.എം.എ.വൈ ഗുണഭോക്താക്കൾ ഉള്ളതും ഒരേ സമയം വിവിധ ഡി.പി.ആർ-കളിലുള്ള ഗുണഭോക്താക്കളുടെ വിവരം കൈകാര്യം ചെയ്യുന്ന ഒരു സാഹചര്യമാണ് ഉണ്ടായിരുന്നതെന്നും ടിയാൻ വിശദീകരിക്കുന്നു.

4. സ്വന്തമായി ഒരു ഭവനമില്ലാത്ത ആൾക്കാർക്ക് ഒരു ഭവനമെന്ന സ്വപ്ന സാക്ഷാത്ക്കാരത്തിന് ഭാഗമായി നടപ്പിലാക്കുന്ന പി.എം.എ.വൈ-ലൈഫ് പദ്ധതിയുടെ ഭാഗമായാണ് ടി പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതെന്നും 13.08.2018 ലെ 10-ാം നമ്പർ കൗൺസിൽ തിരുമാനത്തിലൂടെ നഗരസഭ കൗൺസിൽ 4-ാം ഡി.പി.ആർ സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും നിലവിലെ ഡി.പി.ആർ-കളിൽപ്പെട്ട ഗുണഭോക്താക്കളെ ഭവനം ആവശ്യമില്ലാത്ത ഗുണഭോക്താക്കളെ ഒഴിവാക്കിയ ലിസ്റ്റ് അംഗീകരിച്ചിട്ടുള്ളതുമാണെന്നും ഇവയൊക്കെത്തന്നെയും കൗൺസിലിൽ വിശദമായ ചർച്ച നടത്തി എടുത്ത തീരുമാനങ്ങളാണെന്നും ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ടിൽ ഓരോ ഗുണാഭോക്താവിന്റെയും പേര്, അച്ഛന്റെ പേര്, ജെൻഡർ, മതം, ജാതി, സ്ഥിര മേൽവിലാസം, വാർഡ് നമ്പർ, നഗരം എന്നീ വിവരങ്ങൾ ഉൾപ്പെട്ട് വരുന്നതെന്നും 13.08.2018 തീയതിയിലെ നഗരസഭാ കൗൺസിലിന്റെ 10-ാം നമ്പർ അജണ്ട തന്നെ പി.എം.എ.വൈ പുതിയ ഡിപിആർ സംബന്ധിച്ച വിഷയം കൗൺസിൽ പരിഗണനയ്ക്ക് എന്നുള്ളതാണെന്നും ഡി.പി.ആർ പരിശോധിച്ച ശേഷമാണ് കൗൺസിൽ അംഗീകാരം നൽകിയിട്ടുള്ളതെന്നും പി.എം.എ.വൈ പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് കൗൺസിൽ അംഗീകരിച്ച ശേഷം കൗൺസിൽ തിരുമാനം, അംഗീകൃത ലിസ്റ്റ്, ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ അടങ്ങിയ 7സി ഫോർമാറ്റ്, കൂടാതെ ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ട് എന്നിവകൾ കുടുംബശ്രീ സംസ്ഥാന മിഷൻ സമർപ്പിച്ചാൽ മാത്രമേ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അംഗീകാരം ലഭ്യമാകുകയുള്ളുവെന്നും ടി ലിസ്റ്റ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ അപ്രൂവൽ ആക്കിയാൽ മാത്രമേ ജിയോ ടാഗിംഗ് നടത്തുവാൻ സാധിക്കുകയുള്ളുവെന്നും നിലവിൽ ടി ഗുണഭോക്താവിന്റെ വിവരങ്ങൾ എം.ഐ.എസ്. ൽ ലഭ്യമാണെന്നും മേൽ വിഷയത്തിൽ നടത്തിയ വിജിലൻസ് അന്വേഷണത്തിൽ സർക്കാരിനോ നഗരസഭയ്ക്കോ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്ന് കണ്ടെത്തിയിട്ടുള്ളതാണെന്നും ആകയാൽ അച്ചടക്ക നടപടിയിൽനിന്ന് കുറ്റവിമുക്തനാക്കണമെന്നും ശ്രീ. ജൂഹി മരിയ ടോം പ്രതിവാദ പത്രികയിൽ ആവശ്യപ്പെട്ടിരുന്നു.

5. ടിയാൻ സമർപ്പിച്ച പ്രതിവാദ പ്രതിവാദ പത്രികയിൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 4 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. നഗരസഭയുടെ 4-ാം ഡി.പി.ആർ അംഗീകരിച്ചുകൊണ്ടുള്ള 13/08/2018 തിയതിയിലെ 10-ാം നമ്പർ തീരുമാനത്തിലും സ്റ്റേറ്റ് മിഷന്റെ ഫിനാൻഷ്യൽ സാങ്ഷൻ ലഭിക്കുന്നതിനായുള്ള 06/02/2019 തീയതിയിലെ 9-ാംമത് ബി-1469.2019 നമ്പർ കൗൺസിൽ തീരുമാനത്തിലും അംഗീകരിച്ച ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ അടങ്ങിയ ഗുണഭോക്തൃപട്ടിക എഴുതി ചേർക്കുകയോ കുട്ടിച്ചേർക്കുകയോ ചെയ്യാത്തത് സംബന്ധിച്ച് കൃത്യമായ കാര്യകാരണ സഹിതമുള്ള വിവരങ്ങൾ മേൽ പറഞ്ഞ എതിർവാദപത്രികയിൽ വ്യക്തമാക്കിയിട്ടില്ലെന്നും അംഗീകരിച്ച ടി ലിസ്റ്റ് മിനുട്ട്സിൽ രേഖപ്പെടുത്തേണ്ട ചുമതല നിർവഹിക്കേണ്ടത് സെക്രട്ടറിയോ അല്ലെങ്കിൽ ഇക്കാര്യത്തിനായി

സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ ആണെന്നും എന്നാൽ ടി വിഷയത്തിൽ കാര്യനിർവഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ സെക്രട്ടറിക്ക് ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ചസംഭവിച്ചതായി കാണുന്നതിനാൽ ടിയാന്റെ എതിർവാദപത്രിക അംഗീകരിക്കാൻ കഴിയില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

6. സർക്കാർ, ഇക്കാര്യം ശ്രീ. ജൂഹി മരിയ ടോം സമർപ്പിച്ച പ്രതിവാദ പത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. സ്വന്തമായി ഒരു ഭവനമില്ലാത്ത ആൾക്കാർക്ക് ഒരു ഭവനമെന്ന സ്വപ്ന സാക്ഷാത്ക്കാരത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പി.എം.എ.വൈ ലൈഫ് പദ്ധതി നടപ്പിലാക്കുന്നതിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനായ നഗരസഭ സെക്രട്ടറി ശ്രീ. ജൂഹി മരിയ ടോമിന്റെ ഭാഗത്തുള്ള ജാഗ്രതക്കുറവ് മൂലം അനർഹയായ ഒരാൾ ലിസ്റ്റിൽ ഉൾപ്പെട്ടത് വഴി അർഹതപ്പെട്ട ഒരു ഗുണഭോക്താവിന് ലഭിക്കേണ്ട ആനുകൂല്യം ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുള്ളതായി കാണുന്നു.

7. ആയതിനാൽ മണ്ണാർക്കാട് നഗരസഭയിൽ അനർഹർക്ക് ലൈഫ് പദ്ധതി പ്രകാരമുള്ള വീട് അനുവദിച്ചുവെന്ന ആരോപണത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ. ജൂഹി മരിയ ടോമിനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി, ടിയാൻറെ ഭാഗത്ത് കൃത്യനിർവഹണ വീഴ്ച ഉണ്ടായതായി കണ്ട്, ടിയാന്റെ രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ശ്രീ. ജൂഹി മരിയ ടോം , മുൻ നഗരസഭ സെക്രട്ടറി, മണ്ണാർക്കാട് നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
വിജിലൻസ് (എഫ്) വകുപ്പ്(19.07.2023 തീയതിയിലെ VIG-F1/241/2023/VIG നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/198/2023-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 23-12-2025 10:26:08
സെക്ഷൻ ഓഫീസർ